## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4297** **12.11.2019-ൽ മറുപടിക്ക്**

## സഹകരണ ക്രാഫ്റ്റ് വില്ലേജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>,, സി.കൃഷ്ണൻ<br>,, പി.കെ. ശശി<br>,, കെ. ദാസൻ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും ഉല്പാദനക്ഷമത കൈവരിക്കുന്നതിനും സഹകരണ ക്രാഫ്റ്റ് വില്ലേജുകളിലൂടെ സാധ്യമാകുമെന്നത് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സഹകരണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രാഫ്റ്റ് വില്ലേജുകൾ പ്രവർത്തിക്കുന്നില്ല. ആകയാൽ വിലയിരുത്തിയിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് സഹകരണ ക്രാഫ്റ്റ് വില്ലേജുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും അവയുടെ പുരോഗതിയും അറിയിക്കുമോ; | (ബി) | ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിയന്ത്രണത്തിൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ഇരങ്ങിൽ സർഗ്ഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. എല്ലാ വർഷവും ടി ക്രാഫ്റ്റ് വില്ലേജിന്റെ നേതൃത്വത്തിൽ അന്തർദേശീയ കരകൗശലമേള നടന്നുവരുന്നുണ്ട്. അന്യംനിന്നു പോകുന്ന കരകൗശല മേഖലയെ നിലനിർത്തുകയും പുതു തലമുറക്ക് ഇതിന്റെ പ്രാധാന്യം കൈമാറി കൊടുക്കുന്നതിന്റേയും ഭാഗമായി കരകൗശല നിർമ്മാണ പരിശീലനവും ഇവിടെ നിന്നും നൽകിവരുന്നു. |
| (സി) | പുതുതായി എവിടെയെല്ലാം സഹകരണ ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്; | (സി) | ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തിരുവനന്തപുരം ജില്ലയിലെ കോവളത്തിനടുത്ത് വെള്ളാർ എന്ന സ്ഥലത്ത് പുതുതായി ഒരു ക്രാഫ്റ്റ് വില്ലേജിന്റെ പണി പൂർത്തീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ ടൂറിസം മേഖലകളിൽ ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിനും അത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല അതതു പ്രദേശത്തെ ടൂറിസം സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പരമ്പരാഗത-പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി പ്രത്യേക പരിഗണന നൽകുമോ; വ്യക്തമാക്കാമോ? | (ഇ) | പരമ്പരാഗത-പ്രാദേശിക ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി വരും സാമ്പത്തിക വർഷങ്ങളിൽ പദ്ധതി ആവിഷ്കരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**